**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1078** **30-06-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | കുട്ടനാട് കുടിവെള്ള പദ്ധതിയിൽ നീരേറ്റുപുറത്ത് ജല ശുദ്ധീകരണശാലയ്ക്കും, വെളിയനാട് , പുളിങ്കുന്ന് എന്നിവിടങ്ങളിൽ ഉന്നതതല ജല സംഭരണികൾക്കും വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ് . ഇതിൽ ഇൻടേക്ക് വെല്ലിനൊഴികെയുള്ള ജലശുദ്ധീകരണ ശാലയ്ക്കുള്ള സ്ഥലങ്ങളും, വെളിയനാട് ഉന്നതതല ജലസംഭരണിക്കുള്ള സ്ഥലവും 10/06/2022-ൽ കൈമാറിയിട്ടുണ്ട് . മറ്റ് സ്ഥലങ്ങൾക്കുള്ള നെഗോസിയേഷൻ പ്രക്രിയ നടക്കുന്നു. ഇതു കൂടാതെ ചമ്പക്കുളം, വീയപുരം, കൈനകരി പഞ്ചായത്തുകളിൽ സ്ഥാപിക്കേണ്ട ഉന്നതതല ജലസംഭരണികൾക്കുള്ള സ്ഥലങ്ങൾ പഞ്ചായത്തുകൾ കൈമാറേണ്ടതുണ്ട് . ഇത് ത്വരിതപ്പെടുത്തുന്നതിനായി 18/06/2022-ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്തുകളുടെ യോഗം കൂടുകയും, സ്ഥലം അടിയന്തിരമായി കൈമാറാൻ ജില്ലാ കളക്ടർ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട് . പരമാവധി സ്ഥലം കുറച്ച് പുതുക്കിയ ഡിസൈൻ തയ്യാറാക്കുകയും അംഗീകാരത്തിനായി വാസ്കോൺ-ൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് . പുതുക്കിയ ഡിസൈൻ അനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ഉടൻ തന്നെ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് . |
| (ബി) | കുട്ടനാടിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് പ്രസ്തുത കുടിവെള്ള പദ്ധതി സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | ആറു പാക്കേജുകളായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് . ജലശുദ്ധീകരണശാല ഉൾപ്പെടുന്ന ആദ്യ പാക്കേജിനോടൊപ്പം തന്നെ മറ്റ് അഞ്ച് പാക്കേജുകളും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട് .<br><br>കിഫ്ബി ധനസഹായത്തോടു കൂടി കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ ജില്ലയിൽ നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കുന്നതിനു വേണ്ടി ഒരു പ്രത്യേക പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് 11.09.2020-ൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കൂടാതെ പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനു വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രൊജക്റ്റ് ഡിവിഷൻ, ആലപ്പുഴയെ ലയ്സൻ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ